# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3701.** **20.10.2016 ൽ മറുപടിക്ക്**

## സ്കൂളുകളിലെ കമ്പ്യൂട്ടർ അധ്യാപകരുടെ നിയമനം

| ചോദ്യം<br>ശ്രീ. ജോർജ് എം.തോമസ് | | | ഉത്തരം<br>പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ.യുടെ സാമ്പത്തിക സഹായത്തോടെ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അദ്ധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. 25/06/2015 ലെ ജി.ഒ.(ആർ.റ്റി) 2553/15 നമ്പർ പ്രകാരംതീരുമാനമെടുത്തിയിട്ടുണ്ട്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ.യുടെ സാമ്പത്തിക സഹായത്തോടെ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കോടതിവിധി വിശദമായി പരിശോധിക്കുകയും ആയത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിഷയമായതിനാലും ഹർജി നിരസിച്ച് ഉത്തരവായിരുന്നു. കൂടാതെ ഇപ്പോൾ വിഷയാദ്ധ്യാപകർ തന്നെയാണ് ICT പാഠഭാഗങ്ങളുടെ വിനിമയം നടത്തിവരുന്നത്. |
| ബി) | ഉണ്ടെങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | | |
| സി) | സർക്കാർ ഓണറേറിയം നൽകി കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | നിലവിൽ വിഷയാദ്ധ്യാപകരെയാണ് വിവരവിനിമയ സാങ്കേതിക വിദ്യയുടെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ സർക്കാർ ഓണറേറിയം നൽകി കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയോഗിക്കേണ്ട ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ